(സി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷകരമായ പ്രത്യാഘാതങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് പരിഹാര നടപടികൾ സ്വീകരിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

(സി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷകരമായ പ്രത്യാഘാതങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്.

കാലാവസ്ഥാ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കർഷകർക്ക് മുന്നറിയിപ്പ് നൽകുന്ന ഒരു പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും കേരള കാർഷിക സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ നടപ്പാക്കിവരുന്നുണ്ട്. India Meteorological Department മായി ബന്ധപ്പെട്ടാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. ഇതിൻപ്രകാരം ആഴ്ചയിൽ രണ്ട് ദിവസം (ചൊവ്വ, വെള്ളി) കർഷകർക്ക് കാർഷിക കാലാവസ്ഥാ ബുള്ളറ്റിനുകൾ ലഭ്യമാക്കും. കേരള ആസൂത്രണ ബോർഡിന്റെ ധനസഹായവും ഈ പദ്ധതിയ്ക്ക് ലഭിക്കുന്നുണ്ട്. 2012-13 ലെ വരൾച്ച മുൻകൂട്ടി കണ്ടുകൊണ്ട്, ഐ.എൽ.ഡി.എം-ന് കീഴിലുള്ള ദുരന്ത സാധ്യത അപഗ്രഥന സെൽ, 2012 ൽ തന്നെ പരിഹാര നടപടികൾ ആവിഷ്കരിച്ചിരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 30 10.06.2013- ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്:<br>„ കോടിയേരി ബാലകൃഷ്ണൻ:<br>„ സി.കെ. സദാശിവൻ:<br>ശ്രീമതി. കെ.കെ. ലതിക: | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
| (എ) കേരളത്തിന്റെ വികസന ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനം പരാജയപ്പെടുന്നുണ്ടോ; എങ്കിൽ അതിന്റെ മുഖ്യ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) വികസന ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനം പരാജയപ്പെടുന്നില്ല. |
| (ബി) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളെ വിലയിരുത്തുന്നതിലും ഹോംവർക്ക് നടത്തുന്നതിലും അവ നേടിയെടുക്കുന്നതിലും സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എത്രത്തോളം ഫലപ്രദമാണ്; വിശദമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കാമോ; | (ബി) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ സംസ്ഥാനം നേടിയെടുക്കുന്നതിനും അതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രി, വകുപ്പ് മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ കേന്ദ്ര മന്ത്രാലയങ്ങൾ / വകുപ്പുകൾ എന്നിവിടങ്ങളിൽ അനുയോജ്യമായ ഇടപെടലുകൾ സമയാസമയങ്ങളിൽ ഇതിലേക്കായി നടത്തുന്നുണ്ട്. കൂടാതെ ഡൽഹിയിലെ കേരളത്തിന്റെ റസിഡന്റ് കമ്മീഷണർ, അഡീഷണൽ റസിഡന്റ് കമ്മീഷണർ എന്നിവരും കേരളത്തിനുവേണ്ടി പദ്ധതികൾ നേടിയെടുക്കുന്നതിന് കേന്ദ്രമന്ത്രാലയങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്താറുണ്ട്. |